# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 824 | 08.01.2014-ലെ മറുപടിക്ക്

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) 2013-ൽ സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾ എം.ബി.ബി.എസ്. കോഴ്സിനുള്ള എൻ.ആർ.ഐ. സീറ്റുകളിലേക്ക് പ്രവേശനം നടത്തിയത് ഏത് മാനദണ്ഡപ്രകാരമാണ് വെളിപ്പെടുത്താമോ ; | (എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. കോഴ്സിനുള്ള എൻ.ആർ.ഐ. സീറ്റുകളിലേക്ക് പ്രവേശനം നടത്തുന്നത് സംബന്ധിച്ച് 5.2.2013-ലെ ജി.ഒ.(എം.എസ്) 34/2013/ആ.കു.വ., 25.5.2013-ലെ ജി.ഒ.(എം.എസ്) 193/2013/ആ.കു.വ. എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. |
| (ബി) സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾക്ക് അർഹമായ മൊത്തം സീറ്റുകൾ എത്രയായിരുന്നു എന്ന് വെളിപ്പെടുത്താമോ ; | (ബി) സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള 14 സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മാനേജ്മെന്റ് ക്വാട്ടയായി 775 സീറ്റുകളുണ്ട്. |
| (സി) എൻ.ആർ.ഐ. സീറ്റുകൾക്ക് മാനേജ്മെന്റുകൾ ഈടാക്കിയ ഒറ്റത്തവണ തലവരിപ്പണം എത്രയായിരുന്നു ; വിശദമാക്കാമോ ; | (സി) തലവരിപ്പണം ഈടാക്കുവാൻ വ്യവസ്ഥയില്ല. ആയതിനാൽ ചോദ്യം ഉദിക്കുന്നില്ല. |

(ഡി) എല്ലാ സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകളും കൂടി എം.ബി.ബി.എസ്., എൻ.ആർ.ഐ. സീറ്റുകളിലേക്ക് പ്രവേശനം നടത്തിയ ഇനത്തിൽ 2013–ൽ എത്ര കോടി രൂപ ഈടാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

(ഡി) സർക്കാരും സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജും മാനേജുമെന്റുകളും തമ്മിൽ ഒപ്പുവച്ച കരാർ പ്രകാരം കേരള ക്രിസ്ത്യൻ പ്രൊഫഷണൽ മാനേജ്മെന്റ് ഫെഡറേഷനുകളുടെ കീഴിലുള്ള കോളേജുകളുടെ എൻ.ആർ.ഐ. പ്രവേശനത്തിന് 9 ലക്ഷം രൂപയും കേരള പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കീഴിലുള്ള കോളേജുകളിൽ എൻ.ആർ.ഐ. പ്രവേശനത്തിന് 10,50,000 രൂപയുമാണ് വാർഷിക ഫീസായി നിശ്ചയിച്ചിരുന്നത്. സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എൻ.ആർ.ഐ. സീറ്റുകളിലേക്ക് മാനേജ്മെന്റ് നേരിട്ട് പ്രവേശനം നടത്തുന്നതാകയാൽ എൻ.ആർ.ഐ. സീറ്റുകളിലെ പ്രവേശനം സംബന്ധിച്ച കണക്കുകൾ സർക്കാരിൽ ലഭ്യമല്ല. കരാറിൽ ഏർപ്പെട്ട കോളേജുകൾക്ക് മേൽ പ്രതിപാദിച്ചപ്രകാരമുള്ള ട്യൂഷൻ ഫീസ് ഈടാക്കുവാൻ മാത്രമേ അനുവാദം നൽകിയിരുന്നുള്ളൂ.

സെക്ഷൻ ഓഫീസർ